LIBRARY ARCHIVES Kerala Legislative Assembly

കാർഷിക വിപണി ശാക്തീകരണം

12 (*312) ശ്രീ. എച്ച്. സലാം:

ശ്രീ. മുരളി പെരുനെല്ലി:

ശ്രീ. സി. എച്ച്. കുഞ്ഞമ്പു:

ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ- രജിസ്ട്രേഷൻ വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) സദയം മറുപടി നൽകുമോ:

(എ) ഓരോ ജില്ലയിലെയും പ്രാദേശിക കാർഷികോല്പന്നങ്ങൾ അധിഷ്ഠിതമാക്കി ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് കാർഷിക മേഖലയെയും സഹകരണ രംഗത്തെയും ഒരുപോലെ പുഷ്ടിപ്പെടുത്താൻ കഴിയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നുണ്ടോ?

സംസ്ഥാനത്തെ ഓരോ ജില്ലകളിലും ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിച്ച് സഹകരണ മേഖലയെ വികസിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി എല്ലാ ജില്ലകളിലും സുശക്തമായ പ്രൈമറി അഗ്രികൾച്ചർ ക്രെഡിറ്റ് സഹകരണ സംഘങ്ങളെ തെരഞ്ഞെടുത്ത്, പ്രാദേശികമായി ലഭിക്കുന്ന കാർഷിക ഉൽപ്പന്നങ്ങളെ ആസ്പദമാക്കി ഉല്പാദന ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനും കൃഷി അനുബന്ധ മേഖലയിലെ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനുമായി പദ്ധതിയുണ്ട്. മൂല്യവർദ്ധനവ്, പ്രോസസ്സിംഗ്, വിപണനം എന്നീ മേഖലകളിലാണ് ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനായി 2021-22 സാമ്പത്തിക വർഷം 300 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുമുണ്ട്.

(ബി) കാർഷിക വിപണി മേഖലയെ ശക്തിപ്പെടുത്താനായി സഹകരണ സംഘങ്ങൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

കാർഷിക വിപണി മേഖലയെ ശക്തിപ്പെടുത്താനായി സഹകരണ സംഘങ്ങൾ വഴി നടത്തുന്ന പ്രവർത്തനങ്ങൾ :-

1. കേരളത്തിലെ 16-ഇനം കാർഷിക വിളകൾക്ക് അടിസ്ഥാനവില നിശ്ചയിച്ചുകൊണ്ടും പദ്ധതി നടത്തിപ്പ് രീതി നിശ്ചയിച്ചുകൊണ്ടും കൃഷി വകുപ്പ് പുറപ്പെടുവിച്ച 26-10-2020-ലെ ജി.ഒ.(എം.എസ്) 80/2020/അഗ്രി നമ്പർ ഉത്തരവ് പ്രകാരവും സഹകരണ സംഘം രജിസ്ട്രാറുടെ 72/2020 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾക്ക് വിധേയമായും സഹകരണ സംഘങ്ങൾ മുഖേന സംസ്ഥാന വ്യാപകമായി " കോപ്മാർട്ട്-വെജ്ഫ്രഷ്" (Coopmart VEGFresh) എന്ന പേരിൽ വെജിറ്റബിൾ ഔട്ട്ലെറ്റുകൾ സ്ഥാപിച്ചുകൊണ്ട് പ്രാദേശിക കർഷകരിൽനിന്നും പച്ചക്കറികൾ ശേഖരിച്ച് വിപണനം ചെയ്യുവരുന്നു. സംസ്ഥാനത്ത് ഇപ്രകാരം 217 Coopmart VEGFresh ഔട്ട്ലെറ്റുകൾ ഇതിനകം ആരംഭിച്ചിട്ടുണ്ട്.

2. കേരളത്തിലെ സഹകരണ മേഖലയിലെ ഗ്രാമീണ കർഷകരുടെ ഉല്പന്നങ്ങൾ coopkerala എന്ന ഏകീകൃത സഹകരണ ബ്രാന്റിലൂടെ വിപണിയിൽ സജീവമാക്കുക എന്ന ലക്ഷ്യത്തോടെ " ബ്രാന്റിംഗ് & മാർക്കറ്റിംഗ് ഓഫ് കോ-ഓപ്പറേറ്റീവ് പ്രോഡക്ട്സ്" എന്ന പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി വിവിധ ജില്ലകളിൽ പൈലറ്റ് അടിസ്ഥാനത്തിൽ 13 സഹകരണ ഉൽപ്പന്ന വിപണനശാലകളായ കോപ്മാർട്ടുകൾ (coopmart) ഇതിനകം ആരംഭിച്ചിട്ടുണ്ട്.

3. പച്ചക്കറി തുടങ്ങി കർഷകരുടെ ഉൽപ്പന്നങ്ങൾ, ഇടനിലക്കാരെ ഒഴിവാക്കി ഉപഭോക്താക്കൾക്ക് നേരിട്ട് കർഷകർ തന്നെ വില്പന നടത്തുന്നതിനായി കുറഞ്ഞ ഫീസ് ഈടാക്കി സ്റ്റാളുകൾ അനുവദിച്ചുകൊണ്ട് നാട്ടുചന്ത സംവിധാനം പൈലറ്റ് അടിസ്ഥാനത്തിൽ വയനാട് ജില്ലയിൽ കൽപ്പറ്റയിൽ നോർത്ത് മലബാർ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് സപ്ലൈ ആന്റ് മാർക്കറ്റിംഗ് സൊസൈറ്റി നടപ്പിലാക്കിയിട്ടുണ്ട്.

4. " സുഭിക്ഷ കേരളം" പദ്ധതി പ്രവർത്തനങ്ങളുമായി സംയോജിപ്പിച്ച് പ്രമുഖ മാർക്കറ്റിംഗ് സഹകരണ സംഘങ്ങളുടേയും മാർക്കറ്റ് ഫെഡിന്റേയും ഏകോപനത്തിലൂടെ വിളവെടുപ്പ് കാലയളവിൽ കർഷകരിൽനിന്നും കാർഷിക ഉൽപ്പന്നങ്ങൾ നേരിട്ട് സംഭരിക്കുക, അവ സംസ്കരിച്ച് വിപണികളിലൂടെ ലഭ്യമാക്കുകയെന്ന ലക്ഷ്യത്തോടെ പുതിയ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. അതിന്റെ ഭാഗമായി മികച്ച പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ ഉല്പാദനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനുമുള്ള കർഷക സേവന കേന്ദ്രങ്ങൾ ശാക്തീകരിക്കാൻ പരിപാടിയുണ്ടോ; വിശദമാക്കുമോ?

കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും നഴ്സറികൾ, ജൈവവള ശാലകൾ, കാർഷിക യന്ത്രവൽകൃത സൗകര്യങ്ങൾ തുടങ്ങി കർഷകർക്കാവശ്യമായ സേവനങ്ങൾ നൽകുന്നതിനായി സഹകരണ സംഘങ്ങളുടെ അധീനതയിൽ ആരംഭിച്ചിട്ടുള്ള കർഷക സേവന കേന്ദ്രങ്ങൾ ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്. സഹകരണ മേഖലയിൽ സംസ്ഥാനത്ത് ആകെ 80-കർഷക സേവന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്. ടി കർഷക സേവന കേന്ദ്രങ്ങളുടെ പ്രവർത്തനം ഘട്ടം-ഘട്ടമായി ശാക്തീകരിക്കുക എന്ന ലക്ഷ്യത്തോടെ 2021-22 സാമ്പത്തിക വർഷത്തിൽ 150 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly